# MARIAN

Official Monthly News Bulletin April 2015



*Private circulation among cathedral members only*


**St. Mary's Indian Orthodox Cathedral**

P.O. Box 834, Manama, Kingdom of Bahrain. Tel:17252980, Fax: 17276092

E-mail: info@stmarybahrain.com, Website:www.stmarybahrain.com



*Message from Vicar*



## “ഭയപ്പെടേണ്ടാ”,“നിങ്ങൾക്ക് സമാധാനം”

കർത്താവിൽ പ്രിയരെ,

ശത്രുപാളയത്തിന്റെ മദ്ധ്യത്തിൽ യഹൂദാ മതനേതാക്കളേയും റോമാ പടയാളികളേയും ഭയന്ന് വാതിൽ ഭദ്രമായി അടച്ച് അസ്വസ്ഥരായി കഴിഞ്ഞ അപ്പോസ്തോലന്മാരോടും മറ്റു ശിഷ്യഗണങ്ങളോടും കർത്താവ് കല്പിച്ചത് അവർ കേൾക്കുവാൻ കാത്തിരുന്ന വാക്കുകളാണ്. ദുഃഖവെള്ളിയുടെ ഭീകര ചിത്രത്തിൽ നിന്നുയരുന്ന ഭയം, ഭാവിയെക്കുറിച്ചുള്ള ഭയം എന്നിവയുടെ ഇടയിലേക്കാണ് കർത്താവിന്റെ ഉയിർപ്പിന്റെ ശബ്ദം കടന്നുവന്നത് – “ഭയപ്പെടേണ്ടാ”. അതവരെ ഭയത്തിന്റെയും ലജ്ജയുടേയും കല്ലറയിൽ നിന്നും ഉയിർപ്പിച്ചു. പീഡയേയും മരണത്തേയും ഭയപ്പെട്ട് ഓടിയൊളിച്ച ശിഷ്യസമൂഹത്തിന് ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സമാധാന ശബ്ദവും സാന്നിധ്യവും പീഡകളേയും മരണത്തേയും അഭിമുഖീകരിക്കുവാൻ ശക്തിയും ആവേശവും പകർന്നു.

ഈ ഉയിർപ്പു പെരുന്നാളിൽ നാമും ഭയത്തിന്റേയും നിരാശയുടേയും ബന്ധനത്തിന്റേയും തകർച്ചകളുടേയും കല്ലറകളിൽ നിന്ന് കർത്താവിനോടൊരുമിച്ച് ഉയിർക്കപ്പെടണം. ലോകം നശിക്കാത്ത അനശ്വര സമാധാനത്തിന് നാം ഉടമകളായിത്തീരണം. ഇതാണ് ഉയിർപ്പ് പെരുന്നാൾ ആഘോഷങ്ങളുടെ അന്ത:സത്ത.

ഏവർക്കും അനുഗ്രഹപ്രദമായ ഈസ്റ്റർ ആശംസകൾ നേരുന്നു.

“യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു; സത്യമായും
അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു.”

**ഫാ. വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ**
E-mail: vattaparampilachen@gmail.com
Mob: 39445358

**ഫാ. എം.ബി. ജോർജ്ജ്**
E-mail: frmbgs@gmail.com
Mob: 39584020

*Message*



# ഇന്നിന്റെ ഉയിർപ്പും ഉയിർപ്പിന്റെ പൊരുളും

**അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത**

അൻപതുനാൾ നീണ്ടു നിന്ന നോമ്പ് പരിസമാപിക്കുകയാണ്. ദിവസക്കണക്കിന് ഏറ്റവും നീണ്ട നോമ്പാകയാൽ ഇത് വലിയ നോമ്പാകുന്നു. അതേ സമയം തപശ്ചര്യ കൊണ്ട് ഏറ്റവും തീക്ഷ്ണമായ നോമ്പാകയാലും ഇത് വലിയ നോമ്പു തന്നെ. വലിയ നോമ്പ് പരിസമാപിക്കുന്നത് ഉയിർപ്പോടെയാണ്. യേശു മരണത്തെ ജയിച്ച് ഉയിർത്തു, മനുഷ്യ ജീവിതത്തിന്റെ ഉയിർത്തെഴുന്നേൽപ്പു കൂടിയാവണം ഈ സന്ദർഭം. തിന്മകൊണ്ട് ദൈവത്തിൽ നിന്ന് അകന്ന മനുഷ്യൻ തിരിച്ചു വരുന്നത് ജീവിതത്തിന്റെ ഉയിർത്തെഴുന്നേൽപ്പാകുന്നു. പാപം കൊണ്ട് പുറംതിരിഞ്ഞ മനുഷ്യൻ അനുതപിച്ചു തിരിച്ചുവരുന്ന ദിനമാകുന്നു ഉയിർപ്പു പെരുന്നാൾ.

വലിയ നോമ്പിലെ മുഖ്യമായ പ്രമേയങ്ങളിലൊന്ന് അനുതപിച്ചുകൊണ്ടുള്ള തിരിച്ചുവരവാകുന്നു. ഒരിടയന്റെ നൂറ് ആടുകളിൽ ഒന്നു കാണാതെ പോകുമ്പോൾ വളരെ തേടിത്തിരഞ്ഞ് കണ്ടെത്തുമ്പോൾ അയാൾ വളരെ സന്തോഷിക്കും. പത്ത് സുവർണ്ണത്തുട്ടുകളിൽ ഒരെണ്ണം നഷ്ടപ്പെട്ട സ്ത്രീ വീടടിച്ചുവാരി അത് കണ്ടെത്തുമ്പോൾ വളരെ സന്തോഷിക്കും. കാണാതെപോയി കണ്ടെത്തിയ ആടിന്റെയും, സുവർണ്ണത്തുട്ടിന്റെയും ഉപമ പറഞ്ഞ ശേഷം തമ്പുരാൻ ഉപസംഹരിക്കുന്നത് നോക്കൂ, "അങ്ങനെ തന്നെ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷമുാകും". (ലൂക്കോസ് 15:10).

നോമ്പ് മനം തിരിയാനുള്ള സന്ദർഭമാകുന്നു. തിരിഞ്ഞ് വന്ന് സ്വയം തിരുത്തി ജീവിതത്തെ ഒരു പുന:ക്രമീകരണത്തിനും ഒരു പുതിയ അടിത്തറയിൽ പുനർനിർമ്മിക്കുന്നതിനും ഉചിതമായ തീരുമാനവും നടപടിയും സ്വീകരിക്കുന്നതിലൂടെ യേശുനാഥന്റെ ഉയിർപ്പ് നമ്മുടെ ജീവിതത്തിൽ ഇന്ന് സ്വാർത്ഥകവും പ്രസക്തവുമായി തീരുന്നു. ഈ ഉയിർപ്പു പെരുന്നാളിൽ ദൈവത്തിനു സമർപ്പിക്കുന്ന അമൂല്യവും സ്വീകാര്യവുമായ കാഴ്ചയാകുന്നു അനുതാപത്തിന്റെ രണ്ടിറ്റു കണ്ണുനീർ. ഒരിക്കൽ സ്വർഗ്ഗത്തിൽ ദൈവ ദൂതന്മാരുടെ ഇടയിൽ ഒരു ചർച്ച നടന്നു. ദൈവത്തിന് ഏറ്റവും

വിലപ്പെട്ടതും സ്വീകാര്യവുമായ കാഴ്ചയെന്താകുന്നു?, ഇതായിരുന്നു ചർച്ചാ വിഷയം. ഇതൊന്നു പരിശോധിച്ചിട്ട് തന്നെ, ദൂതർ തീരുമാനിച്ചു. ഒരിടത്ത് നിസ്വാർത്ഥ സേവനവും പരിത്യാഗവും കൊണ്ട് ജീവിതം സമർപ്പിച്ച് മരിച്ച ഒരു നഴ്സിന്റെ ആത്മാവിനെ ആനയിച്ചുകൊണ്ട് ദൂതർ ദൈവസന്നിധിയിലെത്തി. ദൈവം സന്തോഷിച്ചു. എന്നാൽ സ്വീകാര്യമായ കാഴ്ചയായി പരിഗണിക്കപ്പെട്ടില്ല. മറ്റൊരിടത്ത് രാജ്യസ്നേഹത്തെ പ്രതി രക്തസാക്ഷിയായ ഒരു പടയാളിയുടെ ആത്മാവിനെയും കൊണ്ട് വേറൊരു സംഘം ദൂതരും ദൈവസന്നിധിയിലെത്തി. ദൈവത്തിന് അതും പ്രസാദമായി. എങ്കിലും മുഖ്യ കാഴ്ചയായി പരിഗണിക്കപ്പെട്ടില്ല. വേറൊരിടത്ത് ഒരമ്മയും മകനും മാത്രം പാർക്കുന്ന ഒരു ഭവനം. അത്താഴമൂണു കഴിഞ്ഞ് ഉറങ്ങാൻ പോകുന്നതിന് മുമ്പ് അമ്മ മകന് കീർത്തനം ചൊല്ലിക്കൊടുത്തും, പ്രാർത്ഥന ഉരുവിട്ടു കൊടുത്തും കൊണ്ടിരിക്കുന്നു. അതേസമയം വീടു ഭേദിച്ച് കവർച്ച ചെയ്യാൻ തക്കം പാർത്ത് പുറത്ത് കഴിയുന്ന കള്ളൻ; അയാൾ ഇതെല്ലാം കണ്ടും കേട്ടും നിൽക്കുന്നു. പെട്ടെന്നയാളുടെ ഉള്ളം തന്റെ ബാല്യകാലത്തേക്ക് തിരിഞ്ഞു. വളരെ സ്നേഹിച്ച അമ്മ; ദൈവപൈതലായി വളരാൻ വേണ്ടതെല്ലാം ഒരുക്കിയ ആ പരിത്യാഗിയുടെ ഓർമ്മയിൽ അയാളുടെ ഹൃദയം തരളിതമായി. അന്നും ഇന്നും തമ്മിലുള്ള സ്വജീവിതത്തിന്റെ അന്തരം. ഇതിനിടയിൽ വന്നകാര്യം അയാൾ മറന്നു. അയാളുടെ കൺകോണുകളിൽ നനവുപൊടിഞ്ഞു; പശ്ചാത്താപത്തിന്റെ കണ്ണീർ അടർന്നുവീണു. ഇതു കണ്ട ദൂതർ അവയിൽ രണ്ടിറ്റ് ഒരു താലത്തിൽ ശേഖരിച്ച് ദൈവസന്നിധിയിൽ വന്നു തൃപ്പാദങ്ങളിൽ കാഴ്ച അർപ്പിച്ചു. ഏറ്റവും അമൂല്യവും സ്വീകാര്യവുമായ കാഴ്ചയായി അത് പരിഗണിക്കപ്പെട്ടു. അനുതാപത്തിന്റെ കണ്ണുനീർപൊഴിച്ച് തിരികെവരുന്ന മകനെ കാത്തുനിൽക്കുന്ന, സ്നേഹിക്കുന്ന പിതാവാണ്, അമ്മയാണ് നമ്മുടെ ദൈവം. ഈ കണ്ണുനീരാണ് ഉയിർത്തെഴുന്നേറ്റ നമ്മുടെ നാഥനു നൽകാവുന്ന അമൂല്യവും സ്വീകാര്യവുമായ കാഴ്ച. ഇതുതന്നെയാകുന്നു ഇന്നിന്റെ നമ്മുടെ ഉയിർപ്പും ഉയിർപ്പിന്റെ പൊരുളും.

*ഏവർക്കും*

*അനുഗ്രഹപ്രദമായ ഈസ്റ്റർ ആശംസകൾ നേരുന്നു.*


## editorial board

Chief Editor : Lijo Thuruthel
Editor : Rajan P. T.
Graphics & Lay Out : Sunil Tiruvalla.

## Message from Trustee & Secretary





*ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം,*
*നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. (1 കൊരി. 15:14)*

കർത്താവിൽ പ്രിയരെ,

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനപ്പെരുന്നാളിൽ ഒരിക്കൽ കൂടി സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഇടയാക്കിയ ദൈവത്തെ സ്തുതിക്കുന്നു. ഈ വർഷത്തെ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാൻ എത്തിച്ചേർന്ന അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയോടുള്ള ആദരവും സ്നേഹവും ഭക്ത്യാദരപൂർവ്വം സമർപ്പിക്കുന്നു. കൂടാതെ സഹകാർമികരായിരുന്ന ബഹു. വർഗ്ഗീസ് യോഹന്നാൻ അച്ചനോടും ബഹു. എം. ബി. ജോർജ് അച്ചനോടും എല്ലാ ശുശ്രൂഷ അംഗങ്ങളോടും നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഈ വർഷത്തെ ഹോളി വീക്ക് കമ്മിറ്റിയോടും എല്ലാ ആദ്ധ്യാത്മിക സംഘടനകളോടും ഇടവക ജനങ്ങളോടും ഉള്ള ആത്മാർത്ഥമായ നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഇടവക മെത്രാപ്പോലീത്താ അഭി. കൂറിലോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ പകുതി നോമ്പിന്റെ അനുഭവം നമുക്ക് പകർന്നു തരികയും ചെയ്തു.

ഹാശാ ആഴ്ചയിലെ പ്രവർത്തനങ്ങളുടെ ചിലവിനായി ചെറുതും വലുതുമായി സഹായിച്ച ഓരോരുത്തരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**അനോ ജേക്കബ്**
കത്തീഡ്രൽ ട്രസ്റ്റി

**മോൻസി ഗീവർഗീസ്**
കത്തീഡ്രൽ സെക്രട്ടറി

| | | | |
|---|---|---|---|
| 10-04-2015 | Gudaibia | 6.00 PM | **Mr.Geevarghese.P**<br>Flat 1,Road 824,Bldg 867<br>Road 824,Block 308<br>Mob:39866229,17243692 |
| 10-04-2015 | Hoora | 6.00 PM | Hosted by<br>**Mr. Kuruvila.T.M**<br>Mar Theophilos Hall<br>Mobile: 39534944 |
| 10-04-2015 | American Mission | 07.30 PM | **Mr.Kurian Varghese**<br>Flat 14,Bldg 503<br>Road 509,Blk 305<br>Mobile: 39729537 |
| 17-04-2015 | Sugaiya/Zinj | 6.00 PM | **Mr. Rajan Abraham**<br>Flat 22,BulBul Bldg<br>Road 3020,Blk 330<br>Mobile: 39411480 |
| 17-04-2015 | Adliya/Umalhassam | 6.00 PM | **Mr. Moni Kallemparampil**<br>Flat 22,Burge Sumeer<br>Near Alfanar Apartments<br>Umalhassam<br>Mobile: 35563683 |
| 17-04-2015 | Gafool/Khamis | 7.30 PM | **Mr.Shaju Karakkot Jose**<br>Flat 21, Road 5617, Blk 354<br>Mobile: 36464763 |
| 17-04-2015 | Salmaniya | 6.00 PM | Hosted by<br>**Mr.Sajen Ninan**<br>Mar Theophilos Hall<br>Mob:39007321 |
| 23-04-2015 | Sh.Hamad-Lulu | 8.00 P.M | **Mr. John K.P**<br>Flat 22, Bldg 1776,<br>Road 1425,Blk 314,<br>Mobile: 39970197 |
| 24-04-2015 | Riffa-Sitra | 4.00 P.M | **Mr.Ajith Abraham**<br>Flat 16,Bldg 73,<br>Block 911,Road Aljaradha,<br>East riffa.mobile:39291231 |

# സ്മൃതി
# SMRUTHI 2015



മലങ്കര ഓർത്തോഡോക്സ് സഭയുടെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനായ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ പാവനസ്മരണാർത്ഥം ബഹ്റൈൻ സെന്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 2003 മുതൽ നടത്തിവരുന്ന 'സ്മൃതിയുടെ 9–ാമത് കലാ–കായികമേള 2015 ഏപ്രിൽ 23 മുതൽ ജൂൺ 12 വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം ഏവരേയും അറിയിക്കട്ടെ.

**ക്രിസ്റ്റി പി. വർഗ്ഗീസ്**
(സെക്രട്ടറി–39688134)

**സന്തോഷ് തങ്കച്ചൻ**
(ജനറൽ കൺവീനർ–39206064)


## Favours Received



**Mathew Tharakan K.M.**
**&**
**Family**



*Well Wishier*

# ST. MARY'S GAVELIERS



*Give Today's Youth the Gift of Toastmasters!*

*Our Cathedral is always in the forefront of adopting the ways to motivate and enhance the skills of our young generation. YLP, Summer Camp, Seminars, GCC Conference etc are to name few.*

*"St. Mary's Gaveliers" commenced in 2010 to enhance the Communication, Public Speaking & Leadership Skills of our children who are aged from 12 to 18 years.*

*Our Gavel Club is affiliates of Toastmasters International and is functioning under the supervision of Cathedral Managing Committee in liaison with the experienced Toastmasters (TM) of our Cathedral.*

*Gavel club members (known as "Gaveliers") utilize Toastmasters International's proven, time-tested, hands-on methods to improve his or her communication and leadership skills. All these skills are necessary for earning a living in today's competitive job market, but are also essential for maintaining healthy personal relationships and achieving academic goals in middle & high school and college.*

*A new session of our Gavel Club is scheduled to begin in April 2015. The membership is limited to max 25 Cathedral children in the age group of 12-18 yrs on a "first come first serve" basis.*

*A demonstration meeting for all parents/children will be held at 5pm on 10th April 2015 in Cathedral hall.*

*For more information & membership registration, please contact Cathedral Secretary on 39293091 or MC Coordinator Roy Skaria on 33008079*

*"Whatever your grade or position, if you know how and when to speak, and when to remain silent, your chances of real success are proportionately increased"*

**DR. RALPH C. SMEDLEY**